**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 703** **02.11.2011- ൽ മറുപടിക്ക്**

**ദുരന്ത നിവാരണ അതോറിറ്റി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. കെ. അജിത്**<br>**ശ്രീ. പി. തിലോത്തമൻ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചതെന്നാണ്, പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | 01.03.2007 ലെ സ.ഉ(പി)നം.71/2007 പ്രകാരമാണ് ദുരന്ത നിവാരണ അതോറിറ്റി രൂപീകൃതമായത്.<br>ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• സംസ്ഥാനത്തിന്റെ ദുരന്ത നിവാരണ നയം തയ്യാറാക്കുക<br>• വിവിധ വകുപ്പുകളുടെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക<br>• ദുരന്ത നിവാരണ അവബോധം വളർത്തുക<br>• ഫലപ്രദമായ ദുരന്ത നിവാരണത്തിനായി ഉദ്യോഗസ്ഥ പരിശീലനം, ശാക്തീകരണ പ്രവർത്തനങ്ങൾ (കപ്പാസിറ്റി ബിൽഡിംഗ്) ഇവയുടെ ഏകോപനം എന്നിവ നടത്തുക<br>• ദുരന്ത ലഘൂകരണത്തിനും ദുരന്ത ഭീഷണി, അപകടം എന്നിവ കുറയ്ക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുക<br>• ദുരന്തങ്ങൾ നേരിടുന്നതിന് സമൂഹത്തെ സജ്ജമാക്കുക<br>• ദുരന്ത തീവ്രത കണക്കാക്കി പുനരധിവാസ പ്രവർത്തനങ്ങളും, പുനർ നിർമ്മാണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക |
| (ബി) | എല്ലാ ജില്ലകളിലും ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി; | (ബി) | എല്ലാ ജില്ലകളിലും ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി ഒരു സിവിൽ - ഡിഫൻസ് സേന രൂപീകരിച്ച് പരിശീലനം നൽകാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെ യായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | സിവിൽ - ഡിഫൻസ് സേന രൂപീകരിച്ച് പരിശീലനം നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**